പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5165 22.05.2017-ലെ മറുപടി

വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>,, ഐ.സി.ബാലകൃഷ്ണൻ<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എ.പി .അനിൽ കുമാർ : | മാത്യു ടി. തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| എ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ ശുദ്ധീകരണത്തിന് നിലവിൽ അവലംബിക്കുന്ന മാർഗ്ഗങ്ങൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ; | എ കുടിവെള്ളത്തിന്റെ ശുദ്ധീകരണത്തിന് ശുദ്ധീകരണശാലയുടെ ഭാഗമായി എയറേറ്റർ, ക്ലാരിഫ്ളോക്കുലേറ്റർ, ഫിൽട്ടർ യൂണിറ്റ്, ക്ലോറിനേഷൻ തുടങ്ങിയ സംവിധാനങ്ങളുണ്ട്. ശുദ്ധീകരണശാലകളില്ലാത്ത ഗ്രാമീണ ശുദ്ധജല പദ്ധതികളിൽ ഇൻഫിൽട്രേഷൻ ഗ്യാലറി മുഖേനയുള്ള ശുദ്ധീകരണവും ബ്ലീച്ചിങ് പൗഡർ ഉപയോഗിച്ചുള്ള അണുനശീകരണവുമാണ് നടത്തി വരുന്നത്. കേരള ജല അതോറിറ്റി വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം കൃത്യമായ ഇടവേളകളിൽ ജല അതോറിറ്റിയുടെ ക്വാളിറ്റി കൺട്രോൾ വിഭാഗം പരിശോധിക്കുകയും അതനുസരിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുകയും ചെയ്യാറുണ്ട്. കൂടാതെ വിതരണം ചെയ്യുന്ന ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ശുദ്ധീകരണശാലയോടനുബന്ധിച്ച് ലാബറട്ടറി കളും പ്രവർത്തിച്ചുവരുന്നു. ഈ പരിശോധനയിൽ കളർ (നിറം), ഓഡർ (മണം), ടർബിഡിറ്റി (കലക്കൽ), പി.എച്ച്. മൂല്യം, ഇലക്ട്രിക്കൽ കൺടക്ടിവിറ്റി, അസിഡിറ്റി, ആൽക്കലിനിറ്റി, സൾഫേറ്റ്, റ്റി.ഡി.എസ്. ഹാർഡ്നസ്സ്, കാൽസ്യം, മഗ്നീഷ്യം, ക്ലോറൈഡ്, ഫ്ളൂറൈഡ്, അയൺ, നൈട്രേറ്റ്, റസിഡ്യുൽ ക്ലോറിൻ, കോളിഫോം, ഇ.കോളി മുതലായവ BIS 10500-2012 നിഷ്കർഷിക്കുന്ന അനുവദനീയമായ പരിധിക്കുള്ളിലാണെന്ന് |

ഉറപ്പ് വരുത്തിയതിനുശേഷമാണ് വിതരണം ചെയ്യുന്നത് പരിശോധനാ റിപ്പോർട്ടുകൾ വേണ്ട നിർദ്ദേശങ്ങളുൾപ്പെടെ ബന്ധപ്പെട്ട മെയിന്റനൻസ് ഓഫീസുകളിൽ അറിയിച്ചുവരുന്നു.

| | | | |
|---|---|---|---|
| ബി | പ്രസ്തുത കടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനമാണ് നിലവിലുള്ളതെന്ന് വിവരിക്കുമോ; | ബി | ജല ഗുണനിലവാര പരിശോധനയ്ക്കായി സംസ്ഥാനത്ത് ഒരു സ്റ്റേറ്റ് റഫറൽ ഇൻസ്റ്റിറ്റ്യൂട്ടും 14 ജില്ലാതല ലാബുകളും 33 സബ്ഡിവിഷൻ ലാബുകളും ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. ഇതു കൂടാതെ ശുദ്ധീകരണശാലയോടനുബന്ധിച്ചും ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. |
| സി | പരിശോധിക്കുന്ന കടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം തുടർനടപടികൾ കൈക്കൊള്ളാനാകുമെന്ന് വ്യക്തമാക്കുമോ? | സി | കടിവെള്ളത്തിന്റെ ഗുണനിലവാരം സംബന്ധിച്ച റിപ്പോർട്ടുകളിന്മേൽ ആവശ്യമായ പരിഹാര നിർദ്ദേശങ്ങൾ സഹിതം സബ്ഡിവിഷൻ ഓഫീസിലേക്കും സെക്ഷൻ ഓഫീസുകളിലേക്കും നൽകി വേണ്ട നടപടികൾ കൈക്കൊളളാറുണ്ട്. |

Renuka Sankar
സെക്ഷൻ ഓഫീസർ